1. പരവൂർ തെക്കുംഭാഗം ഹയർ സെക്കണ്ടറി സ്കൂളിന്റെ ഡി.പി.ആർ. 'കില' തയ്യാറാക്കി കിഫ്ബിക്ക് സമർപ്പിച്ചിരുന്നതിന്മേൽ കിഫ്ബിയിൽ നിന്നും ആവശ്യപ്പെട്ടതിൻപ്രകാരം ഡി.പി.ആർ. റിവൈസ് ചെയ്യുന്ന പ്രവർത്തനങ്ങൾ നടന്നുവരുന്നു.

2. ചിറക്കര ഗവൺമെന്റ് എച്ച്.എസ്.-ൽ നടപ്പിലാക്കുന്ന പദ്ധതിക്ക് ഭരണാനുമതി ലഭിച്ചിട്ടുണ്ട്. എസ്.പി.വി. ആയ 'കില' ഡി.പി.ആർ. തയ്യാറാക്കിവരുന്നു.

പുതുക്കോട് സർവ്വജന ഹയർ സെക്കണ്ടറി സ്കൂൾ ഏറ്റെടുക്കൽ

171 (920) ശ്രീ. പി. പി. സുമോദ്: താഴെ കാണുന്ന ചോദ്യത്തിന് പൊതുവിദ്യാഭ്യാസവും തൊഴിലും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

തൃശൂർ മണ്ഡലത്തിലെ പുതുക്കോട് സർവ്വജന ഹയർ സെക്കണ്ടറി സ്കൂൾ ഗവൺമെന്റ് ഏറ്റെടുത്ത നടപടികൾ ഏത് ഘട്ടത്തിലാണ് എന്ന് അറിയിക്കാമോ; ഇനി എന്തെല്ലാം നടപടിക്രമങ്ങളാണ് ശേഷിക്കുന്നത് എന്ന് അറിയിക്കാമോ?

പാലക്കാട് ജില്ലയിൽ പാലക്കാട് ജില്ലാ വിദ്യാഭ്യാസ ആഫീസറുടെ അധികാര പരിധിയിൽ പ്രവർത്തിക്കുന്ന സർവ്വജന ഹയർ സെക്കണ്ടറി സ്കൂൾ 17-2-2021-ലെ ജി.ഒ. (എംഎസ്.) നമ്പർ 82/2021/പൊ.വി.വ ഉത്തരവുപ്രകാരം സർക്കാർ ഏറ്റെടുക്കാൻ തീരുമാനിച്ചു. ഏറ്റെടുക്കൽ നടപടികളുടെ ഭാഗമായി ആവശ്യമായ രേഖകൾ പൊതു വിദ്യാഭ്യാസ ഡയറക്ടർ സമർപ്പിക്കുന്നമുറയ്ക്ക് തുടർനടപടികൾ സ്വീകരിക്കുന്നതാണ്.

നാദാപുരത്തെ സ്കൂളുകളുടെ കെട്ടിട നിർമ്മാണം

172 (921) ശ്രീ. ഇ. കെ. വിജയൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസവും തൊഴിലും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നാദാപുരം ഗവ: യു.പി.സ്കൂൾ, വെള്ളിയോട് ഗവ: ഹയർ സെക്കണ്ടറി സ്കൂൾ എന്നിവയുടെ കെട്ടിട നിർമ്മാണത്തിനായി സർക്കാർ 3 കോടി രൂപ അനുവദിച്ച പ്രവൃത്തിയുടെ നിലവിലെ അവസ്ഥ വിശദമാക്കാമോ;

(ബി) നിലവിൽ പ്രസ്തുത പ്രവൃത്തിയുടെ നിർവ്വഹണ ഏജൻസി ആരാണെന്ന് അറിയിക്കാമോ;

(സി) മേൽ പ്രവൃത്തികളുടെ ടെണ്ടർ നടപടികൾ ത്വരിതപ്പെടുത്തുന്നതിന് നടപടി സ്വീകരിക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly

(എ-സി) മൂന്നു കോടി കിഫ്ബി പദ്ധതിയിൽ ഉൾപ്പെടുത്തി നിർവ്വഹണ ഏജൻസിയായി കിലയെ ചുമതലപ്പെടുത്തിയ നാദാപുരം ഗവ. യു.പി. സ്കൂൾ, വെള്ളിയോട് ഗവ: ഹയർ സെക്കണ്ടറി സ്കൂൾ എന്നീ സ്കൂളുകളുടെ ഡി.പി.ആർ. തയ്യാറാക്കി കിഫ്ബിയിൽ സമർപ്പിച്ചിട്ടുണ്ട്. ഡി.പി.ആർ. കിഫ്ബി അംഗീകരിക്കുന്നമുറയ്ക്ക് ടെണ്ടർ നടപടികൾ സ്വീകരിക്കുന്നതാണ്.

സ്കൂളുകളിലെ അദ്ധ്യാപകക്ഷാമം

173 (922) ശ്രീ. അനൂപ് ജേക്കബ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസവും തൊഴിലും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ വർഷം മുതൽ ഓൺലൈൻ ക്ലാസുകൾ സ്കൂൾ തലത്തിൽക്കൂടി ആരംഭിക്കുവാൻ തീരുമാനിച്ചിട്ടുണ്ടോ; എങ്കിൽ സ്കൂൾതലത്തിൽ ഓൺലൈൻ ക്ലാസുകൾ ആരംഭിക്കുമ്പോൾ ക്ലാസ്സ് എടുക്കുന്നതിന് ആവശ്യമായ അദ്ധ്യാപകർ ഓരോ ക്ലാസിലുമുണ്ടെന്ന് ഉറപ്പുവരുത്തിയിട്ടുണ്ടോ?

ഡിജിറ്റൽ വിദ്യാഭ്യാസവും ഓൺലൈൻ പഠനവും കൂടുതൽ മെച്ചപ്പെടുത്തുന്നതിന് കൈറ്റ് ക്രമീകരണങ്ങൾ ഒരുക്കിയിട്ടുണ്ട്. ഒരേ സമയം കൈറ്റ് വിക്ടേഴ്സിലൂടെ സംപ്രേഷണം ചെയ്യുന്നതോടൊപ്പം ഓൺലൈനായും പിന്നീട് കാണാൻ കഴിയുംവിധം ഓഫ്ലൈൻ മോഡിലും ക്ലാസുകൾ ലഭ്യമാക്കുന്നതിനാണ് ഉദ്ദേശിക്കുന്നത്. അദ്ധ്യാപകരും കുട്ടികളുമായി നേരിട്ട് സംവദിക്കുന്നതിനുള്ള സാഹചര്യം ഒരുക്കുന്നതിനായി ഈ വർഷം ഘട്ടംഘട്ടമായി ഓൺലൈൻ ക്ലാസ്സുകൾ നടത്തുന്നതിനുള്ള സാദ്ധ്യതകൾ പരിശോധിച്ചുവരികയാണ്.

(ബി) സർക്കാർ പ്രൈമറി സ്കൂളുകളിൽ പ്രധാനാദ്ധ്യാപകർ ഇല്ലാത്ത എത്ര സ്കൂളുകൾ ഉണ്ടെന്ന് അറിയിക്കുമോ; കുട്ടികളുടെ പ്രൊമോഷൻ നടത്തുന്നതുൾപ്പെടെയുള്ള സ്കൂളുകളിലെ ദൈനംദിന പ്രവർത്തനങ്ങളെ ഇതു ബാധിച്ചിട്ടുണ്ടോ എന്ന് വ്യക്തമാക്കുമോ; എങ്കിൽ ഈ അവസ്ഥ എത്രയും വേഗം പരിഹരിക്കുവാൻ നടപടി സ്വീകരിക്കുമോ?

പ്രൈമറി പ്രധാനാദ്ധ്യാപകർ ഇല്ലാത്ത 1596 സ്കൂളുകൾ നിലവിലുണ്ട്. എന്നാൽ ടി സ്കൂളുകളിലെ കുട്ടികളുടെ പ്രൊമോഷൻ ഉൾപ്പടെയുള്ള ദൈനംദിന പ്രവർത്തനങ്ങളെ ബാധിക്കാതിരിക്കാൻ പ്രൈമറി പ്രഥമാദ്ധ്യാപകരുടെ ചാർജ്ജ് സീനിയർ അദ്ധ്യാപകർക്ക് നൽകിയിട്ടുണ്ട്.

(സി) പ്രധാനാദ്ധ്യാപക നിയമനം ഒരു വർഷമായി നടക്കാത്തതിന്റെ കാരണം വ്യക്തമാക്കുമോ; കുട്ടികളുടെ വിദ്യാഭ്യാസ അവകാശം ഹനിക്കപ്പെടുന്നതിന് കാരണമാകുന്ന ഈ അവസ്ഥ അടിയന്തരപ്രാധാന്യം നൽകി പരിശോധിക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly